**എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും), സംസ്ഥാന വിഭാഗം**

നമ്പർ.74/ഡി1-എസ്റ്റാ/2025/എൻ.സി.സി 21 ഒക്ടോബർ 2025

# സർക്കുലർ

വിഷയം : **എൻ.സി.സി എസ്റ്റാ - മെഡിസെപ് - 19.05.2025 - ന് ശേഷം മാത്രം മെഡിസെപ്പ് പദ്ധതിയിൽ ചേർന്ന് ഡാറ്റാ വെരിഫൈ ചെയ്ത ജീവനക്കാരെയും 19.05.2025 - ന് ശേഷം സേവനത്തിൽ പ്രവേശിച്ച ജീവനക്കാരെയും പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മാത്രം ഉൾപ്പെടുത്തുന്നത് - ഒന്നാം ഘട്ടത്തിലെ പ്രീമിയം തുകയും കുടിശികയും ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് - സംബന്ധിച്ച്.**

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതിയുടെ ഒന്നാംഘട്ടം 30.06.2025- ന് അവസാനിച്ച സാഹചര്യത്തിൽ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന്റെ കാലതാമസം കണക്കിലെടുത്ത് പദ്ധതി തടസ്സമില്ലാതെ തുടരുന്നതിനായി നിലവിലെ പദ്ധതി 01.07.2025 മുതൽ 30.09.2025 വരെ മൂന്ന് മാസക്കാലയളവിലേക്കും, പിന്നീട് 31.10.2025 വരെ ഒരു മാസത്തേക്കും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 19.08.2025 - ന് ശേഷം പുതുതായി സർവ്വീസിൽ പ്രവേശിച്ചവർ മെഡിസെപ്പ് അംഗത്വവും ഒന്നാംഘട്ടത്തിലെ പ്രീമിയവും കുടിശികയും ഈടാക്കുന്നതും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അടങ്ങിയ പരിപത്രം താങ്കളുടെ അറിവിലേക്കും തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

(വിനീഷ് കെ.എസ് )
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

പകർപ്പ്:-

എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും, യൂണിറ്റുകൾക്കും. - വെബ്സൈറ്റ് മുഖാന്തിരം

കെ.എസ്

## ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്

### പരിപത്രം

നമ്പർ 74/2025/ധന                                   തിരുവനന്തപുരം, 2025 ഒക്ടോബർ 9

വിഷയം :- മെഡിസെപ് - 19.05-2025 -ന് ശേഷം മാത്രം മെഡിസെപ് പദ്ധതിയിൽ ചേർന്ന് ഡാറ്റ വെരിഫൈ ചെയ്ത ജീവനക്കാരെയും, 19-05-2025 -ന് ശേഷം സേവനത്തിൽ പ്രവേശിച്ച ജീവനക്കാരെയും പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മാത്രം ഉൾപ്പെടുത്തുന്നത്- ഒന്നാം ഘട്ടത്തിലെ പ്രീമിയം തുകയും കുടിശികയും ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ. ഉ.(പി)നം. 70/2022/ധന. തീയതി 23/06/2022
2) സ. ഉ.(എം.എസ്) നം. 80/2023/ധന. തീയതി 18/05/2023
3) സ.ഉ.(പി)നം.74/2025/ധന. തീയതി 17/06/2025
4) സ.ഉ.(പി)നം.102/2025/ധന. തീയതി 14/08/2025
5) സ.ഉ.(പി)നം. 117/2025/ധന തീയതി 23/09/2025

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായി സൂചന (1) പ്രകാരം നിലവിൽ വന്ന മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ടം 30.06.2025 -ന് അവസാനിച്ച സാഹചര്യത്തിൽ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന്റെ കാലതാമസം കണക്കിലെടുത്ത് പദ്ധതി തടസ്സമില്ലാതെ തുടരുന്നതിനായി സൂചന (3) പ്രകാരം നിലവിലെ പദ്ധതി 01.07.2025 മുതൽ 30.09.2025 വരെ മൂന്ന് മാസക്കാലയളവിലേക്കും, സൂചന (5) പ്രകാരം 31/10/2025 വരെ ഒരു മാസത്തേക്കും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. സൂചന (4) ഉത്തരവ് പ്രകാരം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതി ദീർഘിപ്പിച്ച കാലയളവിൽ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാരുടെ അംഗത്വവും മെഡിസെപ് പ്രീമിയവും കുടിശ്ശികയും ഈടാക്കുന്നതും സംബന്ധിച്ച് വിവിധ വകുപ്പുകൾ സ്പഷ്ടീകരണം തേടിയിരുന്നു. ഇൻഷുറൻസ് കമ്പനിയുമായുള്ള ധാരണാപത്രം പ്രകാരം പോളിസി കാലയളവിനിടയിൽ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന ജീവനക്കാരുടെ ഡാറ്റയും, ഡാറ്റയുടെ എണ്ണത്തിന് അനുസൃതമായ പ്രീമിയം തുകയും നിശ്ചിത ഇടവേളകളിൽ ഇൻഷുറൻസ് കമ്പനിക്ക് കൈമാറുകയും തുടർന്ന് ഇൻഷുറൻസ് കമ്പനി മെഡിസെപ് കാർഡ് വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ടം 30.06.2025 -ന് അവസാനിച്ചപ്പോൾ നിലവിലെ പദ്ധതി മൂന്ന് മാസക്കാലയളവിലേക്ക് നീട്ടി നൽകുക മാത്രമാണ് ഉണ്ടായത്. മേൽ കാലയളവിൽ പുതുതായി ഡാറ്റ കമ്പനിക്ക് കൈമാറി കാർഡ് അനുവദിക്കുന്നത് പ്രായോഗികമായിരുന്നില്ല. അതിനാൽ തന്നെ 19.05.2025 -ന് ശേഷം പുതുതായി സർവ്വീസിൽ

പ്രവേശിച്ചവർ, ടി തീയതിക്ക് ശേഷം മാത്രം മെഡിസെപ് profile create ചെയ്ത് ഡാറ്റ വെരിഫൈ ചെയ്തവർ എന്നിവരുടെ ഡാറ്റ ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറുകയോ, ടി ജീവനക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ, മേൽ പരാമർശിച്ച ജീവനക്കാരുടെ മെഡിസെപ്പ് അംഗത്വവും ഒന്നാംഘട്ടത്തിലെ പ്രീമിയവും കുടിശികയും ഈടാക്കുന്നതും സംബന്ധിച്ച് ചുവടെ ചേർക്കുന്ന പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- 19-05-2025 ന് ശേഷം മാത്രം മെഡിസെപ് profile create ചെയ്ത് ഡാറ്റ വെരിഫൈ ചെയ്തവർ, 19-05-2025 ന് ശേഷം സേവനത്തിൽ പുതുതായി പ്രവേശിച്ച ജീവനക്കാർ എന്നിവരെ മെഡിസെപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതാണ്. ഇതിനായി ടി ജീവനക്കാരുടെ ഡാറ്റ ഡി.ഡി.ഒ -മാർ കൃത്യമായി അപ്ഡേറ്റ് ചെയ്ത് വെരിഫൈ ചെയ്യേണ്ടതാണ്.
- 19-05-2025 ന് ശേഷം മാത്രം മെഡിസെപ് profile create ചെയ്ത് ഡാറ്റ വെരിഫൈ ചെയ്തവർ, 19-05-2025 ന് ശേഷം സേവനത്തിൽ പുതുതായി പ്രവേശിച്ച ജീവനക്കാർ എന്നിവരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ് പ്രീമിയവും കുടിശ്ശികയും ഈടാക്കേണ്ടതില്ല. എന്നാൽ, പദ്ധതി നാല് മാസത്തേക്ക് ദീർഘിപ്പിച്ച കാലയളവിലെ ശമ്പളം പ്രോസസ്സ് ചെയ്ത് കഴിഞ്ഞതിനാൽ ടി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ് പ്രീമിയം, കുടിശ്ശിക എന്നിവ ഈടാക്കിയിട്ടുള്ള സാഹചര്യമുണ്ട്. മാത്രമല്ല, സ്പാർക്ക് സോഫ്റ്റ് വെയറിൽ ഗുണഭോക്താക്കൾക്ക് മെഡിസെപ് ഐ. ഡി. നിലവിലുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം പ്രീമിയം ഈടാക്കുന്നതിന് നിലവിൽ സാങ്കേതിക ബുദ്ധിമുട്ടുണ്ട്.
- മേൽ സാഹചര്യത്തിൽ, പ്രസ്തുത കാലയളവിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മെഡിസെപ് പ്രീമിയവും കുടിശ്ശികയും ഈടാക്കിയിട്ടുണ്ടെങ്കിൽ സൂചന (2) ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് റീഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**വി. അജയകുമാർ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ-3145146)

ഉത്തരവിൻ പ്രകാരം

Sindu K

സെക്ഷൻ ഓഫീസർ